പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5130

30.06.2014-ൽ മറുപടിക്ക്.

## റാന്നി പോലീസ് സ്റ്റേഷനുവേണ്ടിയുള്ള കെട്ടിടം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) റാന്നി പോലീസ് സ്റ്റേഷനുവേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം എന്നാണാരംഭിച്ചത്; ഇതിന് എത്ര തുകയാണ് അനുവദിച്ചത്; നിർമ്മാണം ഇപ്പോൾ ഏതു ഘട്ടംവരെയെത്തി; എന്തൊക്കെ സൗകര്യങ്ങളാണ് നിർദ്ദിഷ്ട കെട്ടിടത്തിലുണ്ടാകുക; | (എ) റാന്നി പോലീസ് സ്റ്റേഷനുവേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം 03.11.2012-ൽ ആരംഭിച്ചു. കെട്ടിട നിർമ്മാണത്തിനായി ആകെ 71,00,000/- (എഴുപത്തിയൊന്ന് ലക്ഷം) രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ കെട്ടിടത്തിന്റെ നിർമ്മാണം 55 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ഒരു പോലീസ് സ്റ്റേഷൻ കോംപ്ലക്സ് ആയിട്ടാണ് കെട്ടിടം വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത കോംപ്ലക്സിൽ റാന്നി പോലീസ് സ്റ്റേഷന്റെ എക്സ്റ്റൻഷൻ, റാന്നി സർക്കിൾ ഓഫീസ്, വിസിറ്റേഴ്സ് റൂം, ബി-ടൈപ്പ് ഡോർമിറ്ററി, കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ എന്നീ സൗകര്യങ്ങളാണ് ഉണ്ടാകുക. |
| (ബി) കരാറനുസരിച്ച് നിർമ്മാണം എന്നാണ് പൂർത്തിയാക്കേണ്ടത്; നിർമ്മാണം പൂർത്തീകരിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഇനിയും എത്രനാൾകൊണ്ട് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയും; നിർമ്മാണ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്? | (ബി) കരാറനുസരിച്ച് 10 മാസത്തെ കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ കരാറുകാരന്റെ അലംഭാവംമൂലം റാന്നി പോലീസ് കോംപ്ലക്സിന്റെ പണി നിശ്ചലാവസ്ഥയിലായി. കരാറുകാരന് നിർമ്മാണം പുന: രാരംഭിക്കുന്നതിനായി കെ.പി.എച്ച്.സി.സി. മെമ്മോ നൽകിയിട്ടുണ്ട്. ഇനിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഏകദേശം 3 മാസത്തെ കാലാവധി വേണ്ടിവരും. ശ്രീ. ഷാജി തോമസ്, പുളിന്താനത്ത് ഹൗസ്, അൽപ്പാറ പി.ഒ, ഇടുക്കി എന്ന കരാറുകാരനെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ